# പതിനാലാം കേരള നിയമസഭ
# (പതിനൊന്നാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2988** **18.06.2018-ൽ മറുപടിയ്ക്ക്**

## മായം ചേർക്കാത്ത മത്സ്യങ്ങളുടെ ലഭ്യത

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ബി.സത്യൻ<br>ശ്രീ. കെ.സുരേഷ് കുറുപ്പ്<br>ശ്രീ. ഒ. ആർ. കേളു<br>ശ്രീ. കെ. ബാബു | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) സംസ്ഥാനത്ത് മായം ചേർക്കാത്ത മത്സ്യങ്ങളുടെ ലഭ്യത ഉറപ്പാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ; | എ) മനുഷ്യാവകാശ കമ്മീഷന്റെ ഉത്തരവിൻ പ്രകാരം ഭക്ഷ്യസുരക്ഷാ വകുപ്പ്, ആരോഗ്യവകുപ്പ്, ഫിഷറീസ് വകുപ്പ് എന്നിവ സംയുക്തമായി ജില്ലകൾ തോറും ടാസ്ക് ഫോഴ്സ് രൂപീകരിച്ച് മത്സ്യ മാർക്കറ്റുകളിലും മറ്റ് വിപണന കേന്ദ്രങ്ങളിലും ലാന്റിംഗ് സെന്ററുകളിലും പരിശോധന നടത്തുകയും മത്സ്യത്തിൽ മായം ചേർത്ത് വില്പന നടത്തിയവർക്കെതിരെ നടപടിയെടുക്കാൻ ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ മായം ചേർക്കലിനെപ്പറ്റി വകുപ്പ് തലത്തിൽ ബോധവത്ക്കരണവും നടത്തി വരുന്നുണ്ട്. |
| ബി) മാലിന്യവും രാസപദാർത്ഥങ്ങളും ചേർക്കാത്ത ഗുണനിലവാരമുള്ള മത്സ്യം ലഭ്യമാക്കുന്നതിന് അന്തിപ്പച്ച എന്ന പേരിൽ മൊബൈൽ മത്സ്യവില്പന യൂണിറ്റ് പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | ബി) ആരംഭിച്ചിട്ടുണ്ട്. പച്ച മത്സ്യം പൊഴിയൂർ മുതൽ മര്യനാട് വരെയുള്ള തീരപ്രദേശങ്ങളിൽ നിന്നും മത്സ്യത്തൊഴിലാളി ക്ഷേമ സഹകരണ സംഘങ്ങളിൽ നിന്നും നേരിട്ട് ശേഖരിച്ചാണ് 'അന്തിപച്ച' എന്ന പേരിൽ സഞ്ചരിക്കുന്ന മത്സ്യവിൽപ്പന യൂണിറ്റ് വഴി വിതരണം ചെയ്യുന്നത്. ഇത് 13.11.2017-ൽ പ്രവർത്തനം ആരംഭിച്ചു. പ്രസ്തുത യൂണിറ്റ് ഉച്ചയ്ക്ക് 3.30 മുതൽ ആയുർവേദ കോളേജ്, സെക്രട്ടറിയേറ്റ്, ശാസ്തമംഗലം, എസ്.എഫ്.എസ് ഫ്ലാറ്റ് പരിസരം കഴക്കൂട്ടം എന്നിവിടങ്ങളിൽ വിൽപ്പന നടത്തുന്നു. സഞ്ചരിക്കുന്ന മത്സ്യവിൽപ്പന യൂണിറ്റിന് ഉപഭോക്താ[illegible]ക്കളിൽ നിന്നുള്ള സ്വീകാര്യത കണക്കിലെടുത്ത് കൂടുതൽ യൂണിറ്റുകൾ ആരംഭിക്കുന്നതിന്റെ ഭാഗമായി 2 മൊബൈൽ യൂണിറ്റുകൾ കൂടി ഉടൻ തന്നെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| സി) | ഹാനികരമായ പദാർത്ഥങ്ങൾ മത്സ്യത്തിൽ ചേർത്ത് വിൽക്കുന്നത് തടയുന്നതിനാവശ്യമായ പ്രത്യേക നിയമനിർമ്മാണം നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | സി) | ഹാനികരമായ പദാർത്ഥങ്ങൾ ചേർത്ത മത്സ്യവില്പന തടയുന്നതിനും ഗുണമേന്മയുള്ള മത്സ്യം ലഭ്യമാക്കുന്നതിനും വേണ്ടുന്ന നിയമ നിർമ്മാണം സർക്കാർ പരിശോധിച്ചുവരുന്നു. |

**സെക്ഷൻ ആഫീസർ**